LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അറ്റോർണി ജനറലിന്റെ ആ പ്രതികരണത്തിനെതിരെയും ഞാൻ പ്രതികരിച്ചിട്ടുണ്ട്. 'കേന്ദ്ര നിയമമന്ത്രിയുടെ അനുമതിയോടുകൂടിയാണ് ഞാൻ ഹാജരായത്' എന്ന് പറഞ്ഞത് ശരിയാണെങ്കിൽ കാര്യത്തിന്റെ കിടപ്പ് ഇതിനെക്കാൾ ഗുരുതരമാണ് എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. 28-ാം തീയതി നമുക്ക് കാണാം, കാത്തിരിക്കുകയാണ്. ഇത്രയും വലിയ ലംഘനം. അറ്റോർണി ജനറൽ ഹാജരായതിനോട് യോജിപ്പില്ലെന്ന് ഇപ്പോൾ അങ്ങ് തന്നെ സമ്മതിച്ചു നല്ല കാര്യം. അതിനെയാണ് അലക്സാണ്ടർ തോമസ് ക്വസ്റ്റ്യൻ ചെയ്തത്. ആ സാഹചര്യത്തിൽ അതിനെക്കുറിച്ച് ഞാൻ പ്രതികരിച്ചു ഞാൻ പറഞ്ഞു, ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു, ഞാൻ അതുതന്നെ നാളെയും ആവർത്തിക്കുമെന്ന് പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ ഉന്നയിക്കുന്ന പ്രശ്നം, ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചുകൊണ്ടിരിക്കുന്ന കേസ്സിന്റെ മെറിറ്റിലേയ്ക്ക് അങ്ങ് കടന്നു സംസാരിച്ചു എന്നതാണ് എന്റെ പോയിന്റ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ മെറിറ്റിലേയ്ക്ക് കടന്നിട്ടേയില്ല. പക്ഷെ അവിടെ നടത്തിയ പരാമർശം എനിക്ക് പ്രതിയെ അറിയാമെന്ന് പറഞ്ഞപ്പോൾ, ഒരു സാമാന്യ മര്യാദ അനുസരിച്ച് ഇന്ന് നമ്മുടെ ജൂഡീഷ്യറിയിൽ നിലനിൽക്കുന്നത് അറിയാവുന്ന കേസ്സിൽ ഹാജരാകാതിരിക്കുകയാണ്, അത് ചെയ്തില്ലല്ലോ എന്നാണ് പറഞ്ഞത്. ഞാൻ കോടതിയെ അപമാനിക്കാൻ ഒന്നും തന്നെ പറഞ്ഞില്ല. ഞാൻ പേരുപോലും പരാമർശിച്ചില്ല. പേര് പറയിപ്പിക്കാൻ പല ശ്രമങ്ങൾ നടത്തിയിട്ടും ഞാൻ പറഞ്ഞില്ല. ഇക്കാര്യങ്ങളിൽ ഞാൻ എടുത്ത നിലപാട് തികച്ചും ശരിയാണ്. സ്റ്റേറ്റിന്റെ താത്പര്യം, ജനങ്ങളുടെ താത്പര്യം അതുമാത്രമാണ് പ്രകടിപ്പിച്ചത്.

റൂളിംഗ്

മി. സ്പീക്കർ : കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് നമ്മുടെ ചട്ടത്തിൽ വ്യക്തമായ വ്യവസ്ഥയുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 194 അനുസരിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സഭയിൽ സംസാരിക്കുവാൻ പ്രത്യേക പരിരക്ഷയുമുണ്ട്. എന്നാലും കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ കൊണ്ടുവരരുത്, ഇവിടെ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കരുതെന്ന് ഒന്നുകൂടി ചെയർ എടുത്തുപറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നില്ല.